**പതിന്നാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1760** 07.03.2018-ൽ **മറുപടിക്ക്**

**<u>കരിമ്പുഴ പി.എച്ച്.സി യിലെ ഒഴിവുകൾ</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. ഉണ്ണി** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) കരിമ്പുഴ പി.എച്ച്.സി -യിൽ സ്ഥിരം ഡോക്ടർ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പാലക്കാട് ജില്ലയിൽ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ, എലമ്പുലാശ്ശേരി, കോട്ടോപ്പാടം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ നിലവിലുണ്ട്.<br><br>എലമ്പുലാശ്ശേരിയിൽ രണ്ട് ഡോക്ടർമാരുടെ തസ്തികയിൽ ഒരെണ്ണം ഒഴിവാണ്. പകരം അഡ്ഹോക് വ്യവസ്ഥയിൽ ഡോക്ടറെ നിയമിച്ചിട്ടുണ്ട്. കോട്ടോപ്പാടം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാരുടെ ഒഴിവില്ല. |
| (ബി) കരിമ്പുഴ പി.എച്ച്.സി-യിൽ സ്ഥിരം ഡോക്ടറുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) എലമ്പുലാശ്ശേരി, കോട്ടോപ്പാടം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഫാർമസിസ്റ്റിന്റെ തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ടെങ്കിലും താൽക്കാലികമായി പുനർവിന്യാസ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ